## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 27/06/2012 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രിയിൽ സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രിയിൽ സൗജന്യമായി മരുന്ന് നൽകുന്നതിനായി എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനായി ബജറ്റിൽ അധികമായി എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ രോഗികൾക്കും സൗജന്യമായി ജനറിക് (രാസനാമം) മെഡിസിൻ വിതരണം ചെയ്യുന്നതിന് 07/06/2012 ലെ ജി.ഒ (എം.എസ്) നം. 170/2012/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി ബജറ്റിൽ അധികമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബിവറേജസ് കോർപ്പറേഷൻ മുഖേന 1% സെസ്സ് ഇനത്തിൽ വകയിരുത്തി ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്നവർക്ക് മരുന്ന് നൽകുന്നതിന് പണം വാങ്ങാറുണ്ടോ ; എങ്കിൽ കഴിഞ്ഞ വർഷം ഈ ഇനത്തിൽ ആകെ ലഭിച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | മുൻസർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് സംഭരിച്ച് സർക്കാർ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് സൗജന്യമായി നൽകിയിരുന്നോ; അതിനായി 2010-11 വർഷം ചെലവഴിച്ച തുക എത്രയായിരുന്നുവെന്ന് വിശദമാക്കുമോ ? | (സി) | അതെ. ഈ സൗജന്യം ബി.പി.എൽ. വിഭാഗങ്ങൾക്കുമാത്രമായി നിജപ്പെടുത്തിയിരുന്നു. എല്ലാവിധം മരുന്നുകളും മതിയായ തോതിൽ ലഭ്യമല്ലാത്തതു മൂലം പുറത്തേക്ക് മരുന്നുകുറിച്ച് കൊടുക്കുന്നത് പതിവായിരുന്നു. എന്നാൽ ഇപ്പോൾ എ.പി.എൽ വിഭാഗങ്ങളെക്കൂടി (ആദായനികുതി അടയ്ക്കുന്നവർ ഒഴികെ) ഇതിൽ ഉൾപ്പെടുത്താനാണ് പുതിയ തീരുമാനം. ആശുപത്രിയുടെ നിലവാരം അനുസരിച്ച് (Primary, District, Medical College) ആവശ്യമായ എല്ലാ മരുന്നുകളും ഫാർമസിയിൽ ലഭ്യമാക്കുകയും പുറത്തേക്കുള്ള prescription ഒഴിവാക്കുകയും ചെയ്യും.<br>2010-11 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 166.34 കോടി രൂപയുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ